"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. സിന്ധു വി. -യുടെ മകന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രത്യേക കേസായി പരിഗണിച്ച് പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1525/2026/H&FWD തീയതി, തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. ശ്രീമതി. സിന്ധു. വി സമർപ്പിച്ച 23.09.2025 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 21.11.2025 തീയതിയിലെ ഡി.എച്ച്.എസ്/26512/2025-എം.ആർ.6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. സിന്ധു വി. -യുടെ മകന്റെ Third ventricular colloid cyst (NEURO SURGERY) സംബന്ധമായ ചികിത്സയ്ക്ക് 15.07.2025 മുതൽ 21.07.2025 വരെയുള്ള കാലയളവിൽ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ പ്രത്യേകാനുമതി ആവശ്യമാണെന്നും അനുവദനീയമായ തുക Rs.2,70,443/- (രണ്ടുലക്ഷത്തി എഴുപതിനായിരത്തി നാനൂറ്റി നാല്പത്തി മൂന്ന് രൂപ മാത്രം) രൂപയാണെന്നും പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സിന്ധു. വി. -യുടെ മകന്റെ Third ventricular colloid cyst (NEURO SURGERY) സംബന്ധമായ ചികിത്സയ്ക്ക് 15.07.2025 മുതൽ 21.07.2025 വരെ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച തുകയായ 2,70,443/- രൂപയുടെ 80% ആയ 2,16,354/- രൂപ (രണ്ട് ലക്ഷത്തി പതിനാറായിരത്തി മുന്നൂറ്റി അൻപത്തിനാല് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം).
ശ്രീമതി. സിന്ധു. വി, ഓഫീസ് അറ്റൻഡന്റ്, സാമൂഹികാരോഗ്യ കേന്ദ്രം, പെരുങ്കടവിള, തിരുവനന്തപുരം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).

മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, പെരുങ്കടവിള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ് (19.03.2026 തീയതിയിലെ 3368538/Loans-L1/355/2025-FIN നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം/ ഓഫീസ് കോപ്പി (F2/313/2025-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 25-04-2026 12:51:51
സെക്ഷൻ ഓഫീസർ